റോഡിന്റെ വശ്യതയനുസരിച്ച് ഭരണാനുമതി നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്. മേപ്പയ്യൂർ-നെല്യാടി-കൊല്ലം റോഡ്, പേരാമ്പ്ര-പയ്യോളി റോഡ് എന്നിവ എസ്.എച്ച്.ടി.എഫ്.-ൽ ഉൾപ്പെടുത്തി ഗതാഗതയോഗ്യമാക്കുന്നതിനുള്ള നടപടി പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയർ സ്വീകരിക്കുന്നതാണ്.

ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ പ്രവൃത്തികൾ

363 (1448) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഒറ്റപ്പാലം നിയോജക മണ്ഡലത്തിൽ ഏതൊക്കെ പ്രവർത്തികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത് ; പ്രവർത്തിയുടെ പേരും ഭരണാനുമതി നൽകിയ തുകയും ഇനം തിരിച്ച് ലഭ്യമാക്കാമോ ;

(ബി) പ്രസ്തുത പ്രവർത്തികളിൽ പൂർത്തീകരിച്ചതും പൂർത്തീകരിക്കാനുള്ളതുമായവയുടെ വിശദാംശം ലഭ്യമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നിരത്തുവിഭാഗത്തിൻ കീഴിൽ ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധം -I ആയി ചേർത്തിരിക്കുന്നു. ഈ പ്രവൃത്തികളെല്ലാം പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) കെട്ടിടവിഭാഗത്തിൻ കീഴിലുള്ള വിശദാംശങ്ങൾ അനുബന്ധം II ആയി ചേർത്തിരിക്കുന്നു.*

കോഴിക്കോട് - തിരുവനന്തപുരം ലൈറ്റ് മെട്രോ പദ്ധതി

364 (T 1449) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട്-തിരുവനന്തപുരം ലൈറ്റ് മെട്രോ പദ്ധതിക്ക് തത്വത്തിൽ അനുമതിയും പങ്കാളിത്തവും തേടി സംസ്ഥാന ഗവൺമെന്റ് കേന്ദ്രഗവൺമെന്റിനു എത്ര കത്തുകൾ അയച്ചിട്ടുണ്ട്; ഇതിനകം അയച്ച കത്തുകളുടെ ഓരോ പകർപ്പ് സഭയുടെ മേശപ്പുറത്ത് വയ്ക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

* 'T' ചേർത്തിരിക്കുന്നു ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കേന്ദ്ര ഗവൺമെന്റിൽ നിന്ന് ഏറ്റവും ഒടുവിൽ ലഭിച്ച മറുപടിയുടെ ഒരു പകർപ്പ് സഭയുടെ മേശപ്പുറത്ത് വയ്ക്കാമോ ;

(സി) പദ്ധതിയുടെ പൂർണ്ണ തോതിലുള്ള കൺസൾട്ടൻസിക്ക് ഡി.എം.ആർ.സി.യെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഡി.എം.ആർ.സി.യുടെ റോൾ നിലവിൽ എന്താണെന്ന വ്യക്തമാക്കുമോ ?

(ഡി) രണ്ട് പദ്ധതികളും കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സംയുക്ത പങ്കാളിത്തത്തിലാണോ എന്നും പദ്ധതി പ്രദേശത്തെയാകെ കണക്കിലെടുത്ത് സംസ്ഥാനം കണ്ടെത്തേണ്ടുന്ന മൊത്തം തുകയും ഈ വർഷത്തെ ബഡ്ജറ്റിൽ പദ്ധതിക്ക് വകയിരുത്തപ്പെട്ട തുകയും എത്രയാണെന്നും വിശദമാക്കുമോ ?

ഉത്തരം

(എ) തിരുവനന്തപുരം-കോഴിക്കോട് റൈറ്റ് മെട്രോ പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ അംഗീകാരവും പങ്കാളിത്തവും നേടുന്നതിനായി കേന്ദ്ര നഗര വികസന മന്ത്രാലയത്തിലേക്ക് സർക്കാരിൽനിന്ന് 4 കത്തുകൾ (12-8-2015, 11-9-2015, 21-10-2015, 27-10-2015 എന്നീ തീയതികളിൽ) അയച്ചിട്ടുണ്ട്. കൂടാതെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ബഹുമാനപ്പെട്ട കേന്ദ്ര നഗര വികസന വകുപ്പ് മന്ത്രിക്ക് ഇതേ വിഷയത്തിൽ 2 കത്തുകളും (13-8-2015, 16-9-2015 എന്നീ തീയതികളിൽ) അയച്ചിട്ടുണ്ട്. പ്രസ്തുത കത്തുകളുടെ പകർപ്പുകൾ സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതിനായി അനുബന്ധമായി (I-VI) ചേർത്തിരിക്കുന്നു.

(ബി) കേന്ദ്ര സർക്കാരിൽ നിന്ന് ഇതുവരെ മറുപടിയൊന്നും ലഭിച്ചിട്ടില്ല.

(സി) ഇല്ല, ബാധകമല്ല.

(ഡി) രണ്ട് പദ്ധതികളും കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സംയുക്ത പങ്കാളിത്തത്തിലാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. പദ്ധതിക്കായി സംസ്ഥാനം കണ്ടെത്തേണ്ട മൊത്തം തുക 1619 കോടി രൂപയാണ്. സംസ്ഥാന സർക്കാർ 2015-16 ബഡ്ജറ്റിൽ തിരുവനന്തപുരം-കോഴിക്കോട് റൈറ്റ്മെട്രോ പദ്ധതിക്കായി ടോക്കൺ പ്രൊവിഷനായി ഒരു രൂപം രൂപ വകയിരുത്തിയിട്ടുണ്ട്. അധികമായി വേണ്ടിവരുന്ന തുക, "മേജർ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് പ്രോജക്ട്സ് " എന്ന പുതിയ ശീർഷകത്തിൽ നിന്നും ലഭ്യമാക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly